Break the chain

# കേരളസർവകലാശാല

നം.പി.ആർ.07/2023

## പത്രക്കുറിപ്പ്

### ജി 20 യൂണിവേഴ്സിറ്റി കണക്ട്

2023 ൽ ജി 20 ഉച്ചകോടിയുടെ അദ്ധ്യക്ഷസ്ഥാനം വഹിക്കുന്ന ഇന്ത്യ ഈ അവസരത്തെ പ്രതീക്ഷയോടെയാണ് നോക്കികാണുന്നത്. ജി 20 സംബന്ധമായ പരിപാടികൾ രാജ്യമെമ്പാടും തുടങ്ങികഴിഞ്ഞു. ഇതിനോടനുബന്ധിച്ച് രാജ്യത്തെ സർവകലാശാലകളും വിദ്യാർത്ഥികളും പങ്കുചേരുന്ന ജി 20 യൂണിവേഴ്സിറ്റി കണക്ട് പരിപാടിയുടെ ഭാഗമായുള്ള പ്രഭാഷണപരമ്പരയിൽ ആദ്യത്തേത് ജനുവരി 9 ന് തിരുവനന്തപുരത്തെ കേരളസർവകലാശാല സെനറ്റ്ചേമ്പറിൽ വച്ച് നടന്നു. സർവകലാശാല വൈസ്ചാൻസലർ പ്രൊഫ.മോഹനൻ കുന്നുമ്മലിന്റെ സ്വാഗതപ്രസംഗത്തോടെയാണ് പരിപാടി ആരംഭിച്ചത്. കോവിഡിനുശേഷമുള്ള ലോകത്ത് ഇന്ത്യ ഏറ്റെടുക്കുന്ന പുതിയ നേതൃത്വത്തിന്റെ പ്രാധാന്യം അദ്ദേഹം വ്യക്തമാക്കി. ഈ വർഷത്തെ ജി 20 ഉച്ചകോടിയുടെ പ്രധാന ആശയമായ 'ഒരുകുടുംബം, ഒരുഭൂമി, ഒരുഭാവി' എന്നത് ലോകത്ത് നിലനിൽക്കുന്ന സമകാലിക പ്രശ്നങ്ങൾക്കുള്ള പരിഹാരമാർഗ്ഗമായി അദ്ദേഹം മുന്നോട്ടു വച്ചു. ഈ പരിപാടിയുൾപ്പെടെ വരാനിരിക്കുന്ന മറ്റു പരിപാടികളും കേരളസർവകലാശാലയ്ക്ക് അതിന്റെ ശക്തി പ്രകടിപ്പിക്കാനുള്ള അവസരങ്ങൾ ആയിരിക്കും എന്ന് അദ്ദേഹം പറഞ്ഞു.വിദേശകാര്യ മന്ത്രാലയത്തിന് കീഴിൽ വികസ്വര രാജ്യങ്ങൾക്കായുള്ള ആശയരൂപീകരണസംവിധാനം ആർ.ഐ.എസ്. (റിസർച്ച് ഇൻഫർമേഷൻ സിസ്റ്റം) അംഗം പ്രൊഫ.പ്രിയദർശിനി ദാസ് ഈ വർഷം ജി 20 ഉച്ചകോടി ചർച്ചചെയ്യുന്ന പ്രത്യേകമേഖലകളും അതിനുള്ള പ്രവർത്തനമാർഗ്ഗങ്ങളുംഅവതരിപ്പിച്ചു. നയരൂപീകരണത്തിലും അജണ്ടാക്രമീകരണത്തിലും വികസിതരാജ്യങ്ങളുടെ ആധിപത്യസ്വഭാവവും മറ്റു വെല്ലുവിളികളും അദ്ദേഹം ചൂണ്ടിക്കാട്ടി.

കേരളസർവകലാശാല പൊളിറ്റിക്കൽ സയൻസ് വിഭാഗം മേധാവി പ്രൊഫ.ഗിരീഷ്കുമാറാണ് പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ചത്. ജി 20 യുടെ അദ്ധ്യക്ഷസ്ഥാനം ലോകത്തെ മുന്നോട്ട് നയിക്കുന്ന പുതിയൊരു നേതാവായി ഇന്ത്യയെ മാറ്റുമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. ജി 20 ഉച്ചകോടിയിലെ പ്രധാന മേഖലയായ ആരോഗ്യരംഗത്തെക്കുറിച്ച് ആർ.ഐ.എസ്. വിസിറ്റിംഗ് പ്രൊഫസർ ടി.സി. ജയിംസ് സംസാരിച്ചു. 'ഒരുആരോഗ്യം' എന്ന നയത്തിന്റെ പ്രാധാന്യവും ആന്റി മൈക്രോബിയൽ പ്രതിരോധം, പകർച്ചവ്യാധികൾ തുടങ്ങിയ പ്രശ്നങ്ങളെകുറിച്ചും അദ്ദേഹം വിശദീകരിച്ചു. വിതരണ ശൃംഖലയിലെ പ്രതിസന്ധി, മാന്ദ്യം, യുദ്ധം തുടങ്ങിയ പ്രശ്നങ്ങളുടെ പശ്ചാത്തലത്തിൽ ജി 20 യുടെ നേതൃത്വസ്ഥാനം വഹിക്കുന്ന ഇന്ത്യയുടെ സാധ്യതകളെകുറിച്ച് പോണ്ടിച്ചേരി സർവകലാശാലയിലെ സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ഡീൻ പ്രൊ.സുബ്രഹ്മണ്യം ചർച്ച ചെയ്തു. തുടർന്ന് നടത്തപ്പെട്ട ചോദ്യോത്തരവേളയിൽ ഊർജ്ജസുരക്ഷ, റഷ്യ-ഉക്രൈൻ യുദ്ധം, ജി 20 സഹകരണം, കാലാവസ്ഥ ധനസഹായം തുടങ്ങിയ മേഖലയുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ വിദ്യാർത്ഥികളുടെ ഭാഗത്തുനിന്നുണ്ടായി. ആർ.ഐ.എസ് കൺസൾട്ടന്റ് അലിസയ്യിദാണ് ഈ സെഷൻ നിയന്ത്രിച്ചത്. പരിപാടിക്ക് മുന്നോടിയായി നടന്ന ഉപന്യാസരചനാ മത്സരത്തിന്റെ ഫലപ്രഖ്യാപനവും വിജയികളുടെ സമ്മാനവിതരണവും പരിപാടിയിൽ നടത്തുകയുണ്ടായി. ജി 20 യൂണിവേഴ്സിറ്റി കണക്ട് കേരളസർവകലാശാല കൺവീനറും അദ്ധ്യാപകനുമായ ജോസുകുട്ടി സി.എ. നന്ദി പറഞ്ഞു കൊണ്ട് പരിപാടി സമാപിച്ചു.

തിരുവനന്തപുരം,
11.01.2023.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**